കേരളകൗമുദി
14 സെപ്തംബർ 2017 വ്യാഴം
തിരുവനന്തപുരം

യുവന്റസിനെതിരെ ഗോൾനേടിയ മെസിയെ അഭിനന്ദിക്കുന്ന ആൽബ

ഗോളടിമേളം

ചിത്രങ്ങൾ: എമ്പാപ്പെ (ഇടത്ത്), ഫെല്ലയ്നി (മദ്ധ്യത്തിൽ), സ്വപ്പകോസ്റ്റ (വലത്ത്)

യൂറോപ്യൻ ചാമ്പ്യൻസ് ലീഗ്: ഗോളടിച്ച് കൂട്ടി വമ്പൻമാർ

കാമ്പ്നൗ : യൂറോപ്യൻ ചാമ്പ്യൻസ് ലീഗിന്റെ പുതിയ സീസണിന്റെ ആദ്യദിനം ഗോൾ മഴ. മുൻ നിരടീമുകളായ ബാഴ്സലോണ, ബയേൺമ്യൂണിക്, പി.എസ്.ജി, ചെൽസി, മാഞ്ചസ്റ്റർ യുണൈറ്റഡ് എന്നിവരെല്ലാം ഗംഭീര ജയം നേടി. അതേസമയം ഇറ്റാലിയൻ വമ്പൻമാരായ യുവന്റസ് തോറ്റു. ബാഴ്സലോണയാണ് മറുപടിയില്ലാത്ത 3 ഗോളുകൾക്ക് യുവന്റസിനെ വീഴ്ത്തിയത്. എ.എസ്. റോയും അത്‌ലറ്റികോ മാഡ്രിഡും ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

ബ്രാവോ ബാഴ്സ

ഗ്രൂപ്പ് സിയിലെ ഏറ്റവും ഗ്ലാമർ പോരാട്ടത്തിൽ ബാഴ്സലോണ സ്വന്തം ഗ്രൗണ്ടിൽ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്കാണ് യുവന്റസിനെ തോൽപ്പിച്ചത്. ഇരട്ട ഗോളുകൾ നേടുകയും ഒരു ഗോളിന് വഴിയൊരുക്കുകയും ചെയ്ത അർജന്റീനൻ പ്ലേമേക്കർ ലയണൽ മെസിയാണ് ബാഴ്സയുടെ വിജയശില്പി. ഇവാൻ റാക്കിറ്റിച്ച് ബാഴ്സയ്ക്കായി ഒരു ഗോൾ നേടി. ബഫണെതിരെ ഗോൾനേടിയിട്ടില്ലെന്ന ചീത്തപ്പേര് കഴുകികളയുന്നതായിരുന്നു മെസിയുടെ പ്രകടനം. ബാൾപൊസിഷനിലും പാസിംഗിലുമെല്ലാം യുവന്റസിനെക്കാൾ ബഹുദൂരം മുൻപിലായിരുന്നു ബാഴ്സലോണ.

അതേസമയം ഡൈബാലയും, ഡഗ്ലസ് കോസ്റ്റയും ഹിഗ്വയിനും അണിനിരന്ന യുവന്റസ് മുന്നേറ്റനിര തീർത്തും പരാജയമായിപ്പോയി.

ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ സ്പോർട്ടിംഗ് എവേ പോരാട്ടത്തിൽ ഒളിമ്പിയാക്കോസിനെ 3-2ന് തോൽപ്പിച്ചു.

ചെൽസി വെലസി

ഗ്രൂപ്പ് സിയിൽ ഇംഗ്ലീഷ് ക്ലബ് ചെൽസി സ്വന്തം ഗ്രൗണ്ടായ സ്റ്റാംഫോർഡ് ബ്രിഡ്ജിൽ അസർബൈജാൻ ക്ലബ് ക്വറാബാഗിനെ ഗോൾമഴയിൽ മുക്കി. മറുപടിയില്ലാത്ത 6 ഗോളുകൾക്കാണ് ക്വറാബാഗിനെ ചെൽസി വീഴ്ത്തിയത്. പെഡ്രോ, സ്വപ്പകോസ്റ്റ, ആസ്പില്ലിക്യൂട്ട, ബ്യൂയോകോ, ബാറ്റ്ഷ്വയി, മെദ്‌വെദേവ് എന്നിവരാണ് ചെൽസിക്കായി ലക്ഷ്യം കണ്ടത്. ഇറ്റാലിയൻ ക്ലബ് ടോറിനോയിൽ നിന്നെത്തിയ സ്വപ്പകോസ്റ്റ തകർപ്പൻ സോളോ ഗോളുമായി ചെൽസി ജേഴ്സിയിൽ അരങ്ങേറ്റം ഗംഭീരമാക്കി. ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ എ.എസ്. റോമയും അത്‌ലറ്റികോ മാഡ്രിഡും ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

പി.എസ്.ജി പൊളിച്ചു

പൊന്നുംവിലയ്ക്ക് കൊണ്ടുവന്ന താരങ്ങൾ പ്രതീക്ഷയ്ക്കൊത്തുയർന്ന മത്സരത്തിൽ ഗ്രൂപ്പ് ബിയിൽ ഫ്രഞ്ച് ക്ലബ് പാരീസ് സെയിന്റ് ജർമ്മയിൻ സ്കോട്ടിഷ് ക്ലബ് സെൽറ്റിക്കിനെ മറുപടിയില്ലാത്ത 5 ഗോളുകൾക്ക് വീഴ്ത്തി.

ഉറുഗ്വേയൻ സ്ട്രൈക്കർ എഡിസൺ കവാനി ഇരട്ട ഗോൾ നേടിയ മത്സരത്തിൽ സൂപ്പർതാരങ്ങളായ നെയ്മർ, എമ്പാപ്പെ, ലുസ്റ്റിംഗ് എന്നിവരും പി.എസ്.ജിക്കായി ലക്ഷ്യം കണ്ടു.

ലോകത്തെ ഏറ്റവും വിലയേറിയ താരമായ നെയ്മറാണ് സെൽറ്റിക്ക് വലയിൽ പി.എസ്.ജിയുടെ ഗോൾ മഴയ്ക്ക് തുടക്കമിട്ടത്. എമ്പാപ്പെ നേടിയ ഗോളിനു പിന്നിലും നെയ്മറുടെ മാന്ത്രിക സ്പർശമുണ്ടായിരുന്നു. സെൽറ്റിക്കിന്റെ തട്ടകമായ സെൽറ്റിക്ക് പാർക്കിൽ നടന്ന മത്സരത്തിൽ കളിയുടെ എല്ലാ മേഖലയിലും മുന്നിട്ടു നിന്നത് പി.എസ്.ജിയായിരുന്നു.

ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ ജർമ്മൻ ചാമ്പ്യൻമാരായ ബയേൺ മ്യൂണിക്ക് 3-0ത്തിന് ബൽജിയൻ ക്ലബ് ആന്റർലക്ടിനെ കീഴടക്കി.

റോബർട്ടോ ലെവൻസോവ്സ്കി പെനാൽറ്റിയിലൂടെ ബയേണിന്റെ ആദ്യ ഗോൾ നേടിയപ്പോൾ തിയാഗോ അൽകാൻട്ര, ജോഷ്വ കിമ്മിച്ച് എന്നിവർ ആതിഥേയരുടെ ഗോൾ പട്ടിക പൂർത്തിയാക്കി.

മനോഹരം മാഞ്ചസ്റ്റർ

ഗ്രൂപ്പ് എയിൽ യൂറോപ്പ ലീഗ് ചാമ്പ്യൻമാരായ മാഞ്ചസ്റ്റർ യുണൈറ്റഡ് സ്വന്തം ഗ്രൗണ്ടിൽ. ഏകപക്ഷീയമായ മൂന്ന് ഗോളുകൾക്ക് സ്വിറ്റ്സർലാൻഡ് ക്ലബ് ബാസലിനെ തോൽപ്പിച്ചു. ഗോളടിയന്ത്രം റൊമേലു ലൂലാകു, മരൗനേ ഫെല്ലയ്നി, മാർകസ് റാഷ്ഫോർസ് എന്നിവരാണ് യുണൈറ്റഡിനായി ഗോളുകൾ നേടിയത്.

ആദ്യമായി ക്യാപ്ടന്റെ ആംബാൻഡണിഞ്ഞ മാഞ്ചസ്റ്ററിന്റെ സൂപ്പർ താരം പോൾ പോഗ്ബയ്ക്ക് ഹാംസ്ട്രിംഗ് ഇഞ്ച്വറിയെത്തുടർന്ന് 19-ാം മിനിറ്റിൽ കളത്തിൽ നിന്ന് തിരിച്ചുകയറേണ്ടിവന്നു.

ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ സി.എസ്.കെ മോസ്കോ എവേ മത്സരത്തിൽ ബെൻഫിക്കയെ 2-1 ന് വീഴ്ത്തി.

മെസിക്ക് മുന്നിൽ ബഫണും വീണു

കാമ്പ്നൗ : ഇറ്റാലിയൻ ഇതിഹാസ ഗോൾകീപ്പർ ജിയാൻല്യൂജി ബഫണെതിരെ ഗോൾ നേടിയില്ലെന്ന ചീത്തപ്പേര് ബാഴ്സ സൂപ്പർതാരം ലയണൽ മെസി മാറ്റി. ചാമ്പ്യൻസ് ലീഗ് ഗ്രൂപ്പ് പോരാട്ടത്തിൽ സ്വന്തം ഗ്രൗണ്ടിൽ ഒന്നല്ല, രണ്ടുതവണ മെസി ബഫണെ കീഴടക്കി യുവന്റസിന്റെ വലയിൽ പന്തെത്തിച്ചു. ഇതുകൂടാതെ റാക്കിറ്റിച്ചിന് ഗോളടിക്കാൻ പാസ് നൽകിയതും മെസിയാണ്.

റിബറി ജേഴ്സി വലിച്ചെറിയുന്നു

റിബറിയുടെ കലിപ്പ്

ബർലിൻ: ആന്റർലക്ടിനെതിരായ മത്സരത്തിനിടെ തന്നെ പിൻവലിച്ചതിനെതിരെ ജേഴ്സി ഊരിയെറിഞ്ഞ് ബയേൺമ്യൂണിക് താരം റിബറിയുടെ പ്രതിഷേധം വൻ വിമർശനത്തിനിടയാക്കി. കളി തീരാൻ 10 മിനിട്ടുള്ളപ്പോഴാണ് കോച്ച് കാർലോ ആൻസലോട്ടി റിബറിയെ പിൻവലിച്ചത്. മത്സരം തങ്ങൾക്കനുകൂലമായതിനാലും റിബറി ഒരു മഞ്ഞക്കാർഡ് കണ്ടതിനാലും അദ്ദേഹത്തിന് പരിക്കുള്ളതിനാലുമാണ് പിൻവലിച്ചതെന്ന് ആൻസലോട്ടി പറഞ്ഞു.

നെയ്മറെ പ്രകോപിപ്പിക്കുന്ന റാൻസ്റ്റൻ

കൈകൊടുക്കാതെ നെയ്മർ

മത്സരത്തിനിടെ തന്നെ കളിയാക്കിയ സെൽറ്റിക്ക് താരം ആന്തണി റാൻസ്റ്റണ് മത്സര ശേഷം ഷേക്ക് ഹാൻഡ് നൽകാനും ജേഴ്സി കൈമാറാനും പി.എസ്.ജി പ്ലേമേക്കർ നെയ്മർ വിസമ്മതിച്ചു. 18 കാരനായ റാൻസ്റ്റൺ മത്സരത്തിനിടെ നെയ്മറെ കളിയാക്കി അട്ടഹസിച്ചിരുന്നു. രണ്ടുതവണ നെയ്മറെ ഫൗൾ ചെയ്ത റാൻസ്റ്റണ് ഒരു തവണ മഞ്ഞക്കാർഡും കിട്ടി. ഇതും നെയ്മറെ പ്രകോപിപ്പിച്ചിരിക്കാം.

മത്സരഫലങ്ങൾ

ബാഴ്സലോണ 3 Vs 0 യുവന്റസ്
ബയേൺമ്യൂണിക്ക് 3 Vs 0 ആന്റർലക്ട്
ബൻഫിക്ക 1 Vs 2 സി.എസ്.കെ.എ
സെൽറ്റിക് 0 Vs 5 പി.എസ്.ജി
ചെൽസി 6 Vs 0 ക്വറാബാഗ്
മാൻ. യുണൈറ്റഡ് 3 Vs 0 ബാസൽ
ഒളിമ്പ്യാക്കോസ് 2 Vs 0 സ്പോർട്ടിംഗ്
റോമ 0 Vs 0 അത്‌ലറ്റിക്കോ

സ്വപ്പകോസ്റ്റയുടെ വണ്ടർ ഗോൾ



- ചാമ്പ്യൻസ് ലീഗിൽ ക്വറാബാഗിനെതിരെ ചെൽസിതാരം ഡാവിഡെ സ്വപ്പകോസ്റ്റ നേടിയ ഗോളാണ് ഇപ്പോഴത്തെ ചർച്ചാവിഷയം. ചെൽസി ഗോളി ക്വർട്ടോയിസിൽ നിന്ന് സ്വീകരിച്ച പന്തുമായി തടയാനെത്തിയ ക്വറാബാഗ് താരങ്ങളെ കബളിപ്പിച്ച് 54 മീറ്ററോളം ഓടി സ്വപ്പകോസ്റ്റ തൊടുത്ത ലോംഗ് റേഞ്ചർ ഗോളി ഇബ്രാഹിം സെഹിക്കിനെ കീഴടക്കി വല കുലുക്കി. 10 സെക്കൻഡിൽ എല്ലാം സംഭവിച്ചു.

സിന്ധു, കശ്യപ് മുന്നോട്ട്; പ്രണോയ് പുറത്ത്

സോൾ : കൊറിയ ഓപ്പൺ സൂപ്പർ സിരീസ് ബാഡ്മിന്റണിൽ ഇന്ത്യൻ താരങ്ങളായ പി.വി. സിന്ധു, പാരുപ്പള്ളി കശ്യപ്, സായിപ്രണീത്, സമീർ വർമ്മ എന്നിവരും ഡബിൾസിൽ സ്വാതിക് സായ് രാജ്-മിരാൻ ഷെട്ടി സഖ്യവും രണ്ടാം റൗണ്ടിൽ കടന്നു. അതേസമയം പുരുഷ സിംഗിൾസിൽ മലയാളി താരം എച്ച്.എസ്. പ്രണോയി, ഡബിൾസിൽ മനു അത്രി-സുമീത്ത് റെഡ്ഢി, മിക്സഡ് ഡബിൾസിൽ സുമീത്ത് റെഡ്ഢി-അശ്വിനി പൊന്നപ്പ എന്നിവർ തോറ്റു.

വനിതാ സിംഗിൾസിൽ സിന്ധു ഹോങ്കോംഗിന്റെ ചെയ്യംഗ് ഗാൻമിനെ നേരിട്ടുള്ള ഗെയിമുകളിലാണ് വീഴ്ത്തിയത്. 34 മിനിട്ട് മാത്രം നീണ്ട മത്സരത്തിൽ 21-13, 21-8ന് അനായാസമായിരുന്നു സിന്ധുവിന്റെ ജയം. രണ്ടാം റൗണ്ടിൽ നിറ്റ്ചാവോൺ ജിൻഡാ പോളാണ് സിന്ധുവിന്റെ എതിരാളി.

പുരുഷ സിംഗിൾസിൽ കശ്യാപ് ചൈനീസ് തായ്പേയുടെ സുജൻ ഹാവോയെ 21-13, 21-16 നാണ് നേരിട്ടുള്ള ഗെയിമുകളിൽ 35 മിനിറ്റ് കൊണ്ട് വീഴ്ത്തിയത്. ദക്ഷിണകൊറിയൻ ടോപ് സീഡ് സൺവാൻ ഹോയാണ് അടുത്ത റൗണ്ടിൽ കശ്യപിന്റെ എതിരാളി. എട്ടാം സീഡ് തായ്താരം തനോർഗ്സക് സയിൻ സോം ബൂൻസകിനെ മൂന്ന് ഗെയിം നീണ്ട പോരാട്ടത്തിൽ 21-13, 21-23, 21-9 നാണ് സമീർ വീഴ്ത്തിയത്.

മലയാളിതാരം പ്രണോയി ഹോങ്കോംഗ് താരം അൻഗസ് ലോംഗിനെതിരെ മൂന്ന് ഗെയിം നീണ്ട പോരാട്ടത്തിനൊടുവിലാണ് തോറ്റത്. സ്കോർ: 17-21, 23-21, 14-21.

സായ് പ്രണീത് ചൈനയുടെ ഹു യുന്നിനെ 29 മിനിറ്റിൽ 21-15, 21-10ന് തോൽപ്പിച്ചു.

ക്രിക്കറ്റിന് നിരോധനം

റോം: വടക്കൻ ഇറ്റലിയിലെ നഗരമായ ബൊൾസാനോയിലെ പാർക്കുകളിൽ ക്രിക്കറ്റ് കളിക്കുന്നതിന് നിരോധനം ഏർപ്പെടുത്തി. ഇവിടേക്ക് കുടിയേറിയ പാകിസ്ഥാൻ, അഫ്ഗാൻ വംശജർ ഇവിടത്തെ ഒരു പാർക്കിൽ ക്രിക്കറ്റ് കളിക്കുന്നതിനിടെ അടിച്ചുവിട്ട പന്തുകൊണ്ട് വീടിന്റെ ബാൽക്കണിയിൽ നിൽക്കുകയായിരുന്ന രണ്ട് വയസുകാരന് പരിക്കേറ്റിരുന്നു.

ഈ സംഭവത്തെ തുടർന്നാണ് ബൊൾസാനോയിലെ മേയർ ഇവിടത്തെ പാർക്കുകളിൽ ക്രിക്കറ്റ് കളിക്കുന്നത് നിരോധിച്ചത്.

ഇന്ത്യ റെഡിന് ബാറ്റിംഗ്

കാൺപൂർ : ദുലീപ് ട്രോഫി ഡേ നൈറ്റ് ക്രിക്കറ്റിന്റെ ഒന്നാം ദിനം ഇന്ത്യാ ബ്ലൂവിനെതിരെ ടോസ് നേടിയ ഇന്ത്യ റെഡ് ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അവർ 80 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 281 റൺസെടുത്തിട്ടുണ്ട്. റെഡിനായി ബാബ ഇന്ദ്രജിത്ത് (പുറത്താകാതെ 112) സെഞ്ച്വറി നേടി. മലയാളിതാരം ബേസിൽ തമ്പിക്ക് റെഡ് ടീമിൽ ഇടം കിട്ടിയിട്ടുണ്ട്.

അയ്യായിരം വിദ്യാർത്ഥികൾക്ക് സൗജന്യ ടിക്കറ്റ്

കൊൽക്കത്ത : അണ്ടർ -17 ഫുട്ബാൾ ലോക കപ്പ് കാണാൻ 5000 സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യ ടിക്കറ്റുകൾ വിതരണം ചെയ്യുമെന്ന് ബംഗാൾ ഗവൺമെന്റ് അറിയിച്ചു.

ഐ.ഒ.സി പ്രസിഡന്റ് തോമസ് ബക്കിനൊപ്പം പാരിസ് മേയർ അന്നെ ഹിഡാൽഗോയും (ഇടത്ത്), ലോസാഞ്ചൽസ് മേയർ എറിക് ഗർസെറ്റിയും

2024 ലെ ഒളിമ്പിക്സ് പാരീസിൽ

2028 ലെ ഒളിമ്പക്സ് ലോസാഞ്ചൽസിൽ നടക്കും

ലിമ: 2024 ലെ സമ്മർ ഒളിമ്പിക്സിന് ഫ്രാൻസിന്റെ തലസ്ഥാനമായ പാരിസ് വേദിയാകും. പെറുവിന്റെ തലസ്ഥാനമായ ലിമയിൽ നടന്ന സമ്മേളനത്തിൽ ഇന്റർനാഷണൽ ഒളിമ്പിക്സ് കമ്മിറ്റി പ്രസിഡന്റ് തോമസ് ബക്കാണ് ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

2028 ലെ ഒളിമ്പിക്സ് അമേരിക്കയിലെ ലോസാഞ്ചൽസിൽ നടക്കുമെന്നും ഐ.ഒ.സി പ്രഖ്യാപിച്ചു. 2024 ആഗസ്റ്റ് 2 മുതൽ 28 വരെയാണ് ഒളിമ്പിക്സിന് പാരിസ് വേദിയാവുക. ഇതിന് മുമ്പ് 1900ത്തിലും 1924ലും പാരിസ് ഒളിമ്പിക്സിന് വേദിയായിട്ടുണ്ട്.

ലോസാഞ്ചൽസ് 1932 ലും 1984ലും ഒളിമ്പിക്സിന് ആതിഥ്യമരുളിയിട്ടുണ്ട്. 2020ലെ ഒളിമ്പിക്സിന് ജപ്പാന്റെ തലസ്ഥാനമായ ടോക്കിയോ ആണ് വേദിയാകുന്നത്.

ലോക ഇലവന് ജയം

ലാഹോർ: പാകിസ്ഥാനെതിരായ ഇൻഡിപെൻഡൻസ് കപ്പ് ട്വന്റി - 20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ലോക ഇലവന് 7 വിക്കറ്റിന്റെ ജയം.

ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 174 റൺസെടുത്തു. മറുപടിക്കിറങ്ങിയ ലോക ഇലവൻ ഒരു പന്ത് ബാക്കി നിൽക്കെ 3 വിക്കറ്റ് നഷ്ടത്തിൽ വിജയലക്ഷ്യത്തിലെത്തി. ഇതോടെ 3 മത്സരങ്ങൾ ഉൾപ്പെട്ട പരമ്പരയിൽ ഇരുടീമുകളും 1-1ന്റെ സമനിലയിലെത്തി. ഹഷിം അംലയും (പുറത്താകാതെ പുറത്താകാതെ 72), തിസരാ പെരേരയും (പുറത്താകാതെ 19 പന്തിൽ 47) ആണ് ലോക ഇലവനെ വിജയതീരത്തെത്തിച്ചത്.

നേരത്തേ അഹമ്മദ് ഷെഹസാദ് (34 പന്തിൽ 43) ബാബർ അസം (38 പന്തിൽ 45) ഷൊയിബ് മാലിക്ക് (23 പന്തിൽ 39) എന്നിവരുടെ ബാറ്റിംഗാണ് പാകിസ്ഥാനെ ഭേദപ്പെട്ട സ്കോറിൽ എത്തിച്ചത്.

ഹഷിം അംല